മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, എല്ലാ ജില്ലയിലും ഗവൺമെന്റ് മെഡിക്കൽ കോളേജുണ്ടാകണമെന്ന ആഗ്രഹത്തിൽ എല്ലാ ജില്ലയിലും പ്രഖ്യാപിച്ച കൂട്ടത്തിലാണ് കാസർഗോഡ് ജില്ലയിലും മെഡിക്കൽ കോളേജ് അനുവദിച്ചത്. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഇതിനകം 17 കോടി 7 ലക്ഷം രൂപയും 60 ഏക്കർ സ്ഥലവും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലത്തേയ്ക്കുള്ള റോഡ് നിർമ്മാണം കിറ്റ്കോയുടെ ചുമതലയിലാണ് നടക്കുന്നത്. കിറ്റ്കോയ്ക്ക് 19,95,000 രൂപ നൽകി. പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിന് കിറ്റ്കോ തയ്യാറാക്കിയ 288 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു. അതിനുവേണ്ടി നബാർഡ് 68 കോടി 45 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ ഒന്നാംഗഡു കിറ്റ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കാൻ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി നിർദ്ദേശിച്ച വേഗതയിൽ പോയിട്ടില്ല. മറ്റെല്ലാ നടപടികളും പൂർത്തിയായി. ഏറ്റവും വേഗത്തിൽ ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ പരിശ്രമിക്കുമെന്ന് ഉറപ്പുപറയുന്നു.

മി.സ്പീക്കർ: ചെയർ ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് 24 സബ്മിഷനുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി പലർക്കും സബ്മിഷൻ അവതരിപ്പിക്കാൻ അവസരം കിട്ടാത്തതുകൊണ്ടും അടുത്ത രണ്ട് ദിവസം സഭ ചേരാത്തതുകൊണ്ടുമാണ് ഇത്രയും സബ്മിഷൻ ഇന്ന് അനുവദിച്ചിട്ടുള്ളത്. ഇന്ന് സപ്ലിമെന്ററി ഡിമാന്റ്സും രണ്ട് ബില്ലുകളുമുണ്ട്. അടുത്ത രണ്ട് ദിവസം സഭ ചേരാത്തതുകൊണ്ട് പല അംഗങ്ങൾക്കും ഇന്നുതന്നെ മടങ്ങിപ്പോകേണ്ടതുണ്ട്. സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ ഒരു മിനിട്ട് കൊണ്ട് ചോദിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി ചുരുക്കിപ്പറയുകയും വേണം.

## 4. കാരുണ്യ ചികിത്സാ സഹായ പദ്ധതി

ശ്രീ. ഹൈബി ഈഡൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നിർദ്ധനരായ രോഗികൾക്കായി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് സ്കീം. ചില മാധ്യമങ്ങളിൽ വരുന്ന വാർത്ത സാധാരണ ജനങ്ങളെ സംബന്ധിച്ച് ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നതാണ്. ഏകദേശം 115000 രോഗികൾക്ക് 850 കോടി രൂപയോളം കാരുണ്യ ബെനവലന്റ് സ്കീം മുഖേന നൽകിയിട്ടുണ്ട്. ഇപ്പോൾ പ്രചരിപ്പിക്കുന്നത്, ഹൈദ്രാബാദ് കേന്ദ്രീകരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ടാറ്റാ കൺസൾട്ടൻസി സർവ്വീസ് പോലുള്ള ഒരു കോർപ്പറേറ്റ് കമ്പനി, ആന്ധ്രാപ്രദേശ് സംസ്ഥാനത്ത് നടപ്പാക്കുന്ന ആരോഗ്യശ്രീ പദ്ധതിയുടെ മാതൃകയിൽ ഇത് രൂപീകരിക്കുന്നുവെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് സ്കീമിലെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെയും പട്ടികജാതി വകുപ്പിലെയും ആനുകൂല്യങ്ങൾ രോഗികൾക്ക് ലഭിക്കുന്നുണ്ട്. റ്റി.സി.എസ്. പോലുള്ള കമ്പനിയെയാണ് ഇത് സംബന്ധിച്ച് സോഫ്റ്റ്വെയർ നിർമ്മിക്കാനായി ഏൽപ്പിച്ചതെന്നും പറയുന്നുണ്ട്. ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ആ കമ്പനി ആയിരിക്കുമോ? സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുമോയെന്നതുൾപ്പെടെ പലവിധത്തിലുള്ള ആശങ്കകളുമുണ്ട്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തത വരുത്തണം; കാരണം, കാരുണ്യ ബെനവലന്റ് സ്കീം വളരെ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ആ പദ്ധതി സാധാരണക്കാർക്ക് വേണ്ടി തുടരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ കാരുണ്യ ബെനവലന്റ് ഫണ്ടും അതിന്റെ പദ്ധതികളും ജനങ്ങൾക്ക് ഏറ്റവും ആശ്വാസകരമാണ്. ആവശ്യം വരുന്ന സമയത്ത് സഹായത്തിനായി ഒരു സംവിധാനമുണ്ട് എന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ബോദ്ധ്യപ്പെടത്തക്ക വിധത്തിൽ ആത്മവിശ്വാസം ഉണ്ടാകത്തക്കവിധത്തിൽ അതിന്റെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നുണ്ട്. ഈ പദ്ധതിക്ക് രൂപം കൊടുക്കാനായി നേതൃത്വം നൽകിയ ശ്രീ. കെ. എം. മാണി പ്രത്യേകം അഭിനന്ദനമർഹിക്കുന്ന ഒരു സ്കീമാണിത്. അതിനൊരു മാറ്റവും വരുത്താനുദ്ദേശിക്കുന്നില്ല. ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ ഈ പരിപാടി തുടർന്നും മുമ്പോട്ടുപോകും. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ 'സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി' നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പക്ഷെ, ആ പദ്ധതി വന്നാലും കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ ഒരുവിധത്തിലും ഒരു മാറ്റവുമുണ്ടാകുന്നതല്ല എന്ന് ഉറപ്പ് പറയാനാഗ്രഹിക്കുകയാണ്. ടി.സി.എസ്. കമ്പനിയെ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് മാത്രമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിനപ്പുറത്തേയ്ക്ക് അവർക്ക് ഒരു റോളും ഉണ്ടാകില്ല.

LIBRARY ARCHIVES Kerala Legislative Assembly